# പരമാചാര്യനായ ശ്രീചട്ടമ്പിസ്വാമിതിരുവടികൾ

'കാഷായവേഷം ധരിക്കാത്ത, വനവാസത്തിനു പോകാത്ത മഹർഷിവര്യൻ. ഒന്നിനോടും പ്രത്യേക മമതാബന്ധമില്ലാതെ, സമസ്ത ജീവജാലങ്ങളെയും ഒരുപോലെ സ്നേഹിച്ച ഒരു പ്രപഞ്ചബന്ധു. സമുദായപരമായ കെട്ടുപാടുകളില്ലാതെ സമുദായ ബന്ധങ്ങൾക്ക് മാർഗ്ഗദർശനം നൽകിയ മഹാ ചിന്തകൻ, ദീർഘമായ ഗുരുമുഖാഭ്യാസം കൂടാതെ പരിണതപ്രജ്ഞനായിത്തീർന്ന ഒരു മഹാപണ്ഡിതൻ, അനുഭവജ്ഞാനം കൊണ്ട് നാസ്തികൻമാരുടെ ഗർവ്വ് ശമിപ്പിക്കാൻ പ്രാഗല്ഭ്യം കൈവരിച്ച ഒരു യുക്തിവാദപടു, അനാചാരങ്ങളിൽ ആമഗ്നമായിരുന്ന ആ കാലത്ത് സ്വന്തം ജീവിതചര്യകൊണ്ട് ഭിന്നസമുദായങ്ങൾ തമ്മിൽ സൗഹാർദ്ദ ബന്ധം സ്ഥാപിക്കുവാൻ പ്രചോദനം നല്കിയ ഒരു സാമൂഹ്യ പരിഷ്കർത്താവ്, അവഹേളിക്കാൻ സമീപിക്കുന്നവരെയും ബഹുമാനപരതന്ത്രരാക്കാൻ കഴിഞ്ഞിരുന്ന ബുദ്ധിസമ്പന്നൻ....' അങ്ങനെ എത്രയെത്ര വിശേഷണങ്ങൾക്ക് അനുയോജ്യനാണ് ബ്രഹ്മശ്രീ ചട്ടമ്പിസ്വാമി തിരുവടികൾ. സർവ്വജ്ഞൻ, സർവ്വകലാവല്ലഭൻ, സിദ്ധയോഗി, പരമാചാര്യൻ, സമുദായപരിഷ്കർത്താവ്, ഗ്രന്ഥകാരൻ, യോഗവേദാന്ത പ്രവർത്തകൻ എന്നീ നിലകളിൽ 'ശ്രീശങ്കരാചാര്യസ്വാമികൾക്കു ശേഷം കേരളം കണ്ട ഏറ്റവും ഉന്നതനായ യതിവര്യൻ എന്നാണ് പല പണ്ഡിതൻമാരും അഭിപ്രായപ്പെട്ടിട്ടുള്ളത്.

കൊല്ലവർഷം 1029-ാമാണ്ട് ചിങ്ങമാസത്തിലെ ഭരണി നക്ഷത്രത്തിൽ തിരുവനന്തപുരത്ത് കൊല്ലൂർ എന്ന സ്ഥലത്ത് ഉള്ളൂർകോട് തറവാട്ടിൽ ചട്ടമ്പിസ്വാമി തിരുവടികൾ ഭൂജാതനായി. അദ്ദേഹത്തിന്റെ ജന്മസ്ഥലം ഇന്ന് കണ്ണമ്മൂല എന്ന പേരിൽ അറിയപ്പെടുന്നു. ദാരിദ്ര്യപീഡിതമായ ഒരു കുടുംബത്തിൽ ജനിച്ച സ്വാമികൾക്ക് ഉയർന്ന വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഇല്ലായിരുന്നു. എന്നാൽ പൂർവ്വസുകൃതം കൊണ്ടും നിരന്തരമായ പരിശ്രമംകൊണ്ടും ഈശ്വരാനുഗ്രഹം കൊണ്ടും, ഇരുപത്തിയഞ്ച് വയസ്സായപ്പോഴേക്കും തമിഴ്, മലയാളം, സംസ്കൃതം തുടങ്ങിയ ഭാഷകളിലും, മിക്കവാറും എല്ലാ കലകളിലും, യോഗവേദാന്തദർശനങ്ങളിലും അപാരമായ പാണ്ഡിത്യവും പരിചയസമ്പത്തും അദ്ദേഹം കൈവരിച്ചു. വിവിധ യോഗകലകൾ, ജ്ഞാനാഭ്യാസം തുടങ്ങിയ ആധ്യാത്മികസാധനകൾ വഴി ബ്രഹ്മസാക്ഷാത്കാരം നേടി, ജീവൻമുക്തനും അതിവർണ്ണാശ്രമിയുമായ ഒരു മഹാത്മാവായിത്തീരുകയും ചെയ്തു. വർണ്ണവ്യവസ്ഥകളെയോ ആശ്രമവ്യവസ്ഥകളെയോ ജാതിഭേദങ്ങളെയോ ഗണിക്കാതെ എല്ലാ വസ്തുക്കളിലും ഒരേ ബ്രഹ്മചൈതന്യമാണ് കളിയാടുന്നതെന്നറിഞ്ഞ് ആത്മാരാമനായി കഴിയുന്ന മഹാത്മാവാണ് അതിവർണ്ണാശ്രമി. അങ്ങനെയുള്ള മഹാത്മാക്കൾ ആശ്രമം സ്ഥാപിക്കുകയോ, സംഘടന രൂപീകരിച്ച് അതിന്റെ നേതൃത്വം വഹിക്കുകയോ, ലോകത്തിൽ സ്വയശ്ശസ്സ് പരത്തുവാൻ ശ്രമിക്കുകയോ ചെയ്യാതെ സാധാരണജനങ്ങളുടെ ഇടയിൽ സാധാരണക്കാരനെപ്പോലെ കഴിഞ്ഞുകൂടുകയാണ് പതിവ്. അങ്ങനെയുള്ള ലക്ഷണങ്ങളെല്ലാം ഒത്തിണങ്ങിയ ഒരു മഹാത്മാവായിരുന്നു സ്വാമിതിരുവടികൾ. അദ്ദേഹത്തിന്റെ കുട്ടിക്കാലത്തെ പേര് അയ്യപ്പൻ എന്നായിരുന്നു. പേട്ടയിൽ രാമൻപിള്ള ആശാന്റെ കളരിയിൽ പഠിച്ചിരുന്ന കാലത്ത് 'മോനിട്ടർ' എന്ന അർത്ഥത്തിൽ 'ചട്ടമ്പി' എന്ന സ്ഥാനം അദ്ദേഹത്തിന് ലഭിച്ചു. കൂടാതെ ബാല്യം മുതൽ കുഞ്ഞൻ എന്ന ഓമനപ്പേരിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. പിൽക്കാലത്ത് സർവ്വശാസ്ത്രപാരംഗതനായ ആചാര്യൻ എന്ന അർത്ഥത്തിൽ പരമഭട്ടാരക ശ്രീവിദ്യാധിരാജതീർത്ഥ പാദസ്വാമികൾ എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി.

ഹിന്ദുമതത്തിന് പുതുചൈതന്യം നൽകി ഇന്ത്യയൊട്ടാകെ സഞ്ചരിച്ച സ്വാമി വിവേകാനന്ദൻ അമേരിക്കയിലെ സർവ്വമതസമ്മേളനത്തിൽ പങ്കെടുക്കാൻ പോകുന്നതിനു മുമ്പായി കേരളത്തിലും എത്തി. കേരളം ഭ്രാന്താലയമാണെന്നു തോന്നിയ സ്വാമി വിവേകാനന്ദന് ആശ്വാസം നൽകിയ ഒരു സംഭവം ചട്ടമ്പിസ്വാമിയെ കണ്ടതാണ്. ആ കൂടിക്കാഴ്ച രണ്ടുപേരുടേയും ജീവിതത്തിലെ അവിസ്മരണീയമായ സംഭവമായിരുന്നു. ബംഗാൾ മുതൽ തന്റെ സഞ്ചാരത്തിനി ടയിൽ പല സന്യാസിമാരോടും ചോദിച്ച ഒരു സംശയം വിവേകാനന്ദൻ, സ്വാമിയോടും ആവർത്തിച്ചു. അത് ചിന്മുദ്ര യെപ്പറ്റിയായിരുന്നു. ചട്ടമ്പിസ്വാമി മുദ്ര കാണിച്ചു കൊടുക്കുകയും, മുദ്രയുടെ ഗുണത്തെപ്പറ്റി വിസ്തരിച്ച് പറഞ്ഞുകൊടുക്കുകയും ചെയ്തു. വിവേകാനന്ദന്റെ സന്ദർശനത്തിനു ശേഷം ബംഗാളിൽനിന്നും ധാരാളം സ്വാമിമാർ ചട്ടമ്പിസ്വാമികളെ കാണാൻ വന്നിരുന്നു.

ചട്ടമ്പിസ്വാമി തിരുവടികൾ പന്മനയിലെ പത്മനാഭപിള്ള സ്മാരക വായനശാലയിൽവെച്ച് 1099 മേടം 23-ാംതീയതി സമാധിയായി. അദ്ദേഹത്തിന്റെ ഭൗതികശരീരം സ്വന്തം ആഗ്രഹപ്രകാരം പന്മനക്കാവിൽ യഥാവിധി സംസ്കരിക്കപ്പെട്ടു. അദ്ദേഹത്തെ സമാധിയിരുത്തിയ പുണ്യസ്ഥലത്താണ് ഇന്ന് സുപ്രസിദ്ധമായിത്തീർന്ന പന്മന ബാലഭട്ടാരകേശ്വര ക്ഷേത്രവും ആശ്രമവും സ്ഥിതി ചെയ്യുന്നത്. സമാധിസ്ഥലമായ വായനശാലയോടുചേർന്ന് അക്കാലത്ത് ഒരു ഹൈസ്ക്കൂൾ സ്ഥാപിച്ചിരുന്നു. ഇന്നും അവ നിത്യസ്മാരകങ്ങളായി നിലകൊള്ളുന്നു.

സദ്ഗുരുവും പരിപൂർണ്ണ കലാനിധിയുമായ ചട്ടമ്പിസ്വാമി തിരുവടികളുടെ ജീവിതകഥകൾ പഠിക്കുകയും ദിവ്യസന്ദേശങ്ങൾ ഉൾക്കൊള്ളുകയും ചെയ്ത് നമുക്ക് ആ മഹാമുനീശ്വരനോടുള്ള ഭക്തി നിറവേറ്റാൻ ശ്രമിക്കാം.